LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർക്കുന്നു*

(സി) അനുബന്ധം III ആയി ചേർക്കുന്നു.* കുറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ വാഹനാപകടങ്ങൾ

321 (2150) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013, 2014, 2015 വർഷങ്ങളിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

ഉത്തരം

2013-ൽ 4258 പേരും 2014-ൽ 4049 പേരും 2015 ഒക്ടോബർ 30 വരെ 3101 പേരും വാഹനാപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

322 (2151) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതൊക്കെ തരത്തിലുള്ള (ഓർഡിനറി, ഫാസ്റ്റ്) സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സർവ്വീസിനും എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത് ; ഓരോ തരത്തിലുള്ള ബസ്സുകൾ ദിവസേന എത്ര സർവ്വീസുകൾ നടത്തുന്നുണ്ട് ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് കൺസെഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) കൺസെഷൻ ടിക്കറ്റുകൾ ഉപയോഗിച്ച് ഏതെല്ലാം തരം സർവ്വീസ് ബസ്സുകളിലാണ് യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സ്കൂൾ കുട്ടികൾക്ക് കൺസെഷൻ ഉപയോഗിച്ച് യാത്ര ചെയ്യാൻ വളരെ പരിമിത സൗകര്യമേ ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച്, സിറ്റി ഫാസ്റ്റ് പോലുള്ള ബസ്സുകളിൽകൂടി യാത്രാനുമതി നൽകുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, ഹൈടെക് ലക്ഷ്വറി, സിൽവർ ലൈൻ ജെറ്റ്, വോൾവോ എന്നീ തരം സർവ്വീസുകളാണ് നടത്തി വരുന്നത്.

(ബി) Volvo 13, Super Deluxe -50, Super Express -52, Super Fast-367, Fast Passenger-1157, City Fast -208, Vestibule -1, Double Decker -2, Ordinary -3765, Mini 3 എന്നിങ്ങനെ 5618 ബസുകളാണ് ഉപയോഗിക്കുന്നത്. 30-11-2015-ലെ കണക്കനുസരിച്ച് 4704 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. ചുവടെ പറയുന്ന രീതിയിൽ സർവ്വീസുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത് :

1.	വോൾവോ	-	6	സർവ്വീസ്
2.	ഹൈടെക് ലക്ഷ്വറി	-	5	സർവ്വീസ്
3.	സൂപ്പർ ഡീലക്സ്	-	25	സർവ്വീസ്
4.	സൂപ്പർ എക്സ്പ്രസ്	-	32	സർവ്വീസ്
5.	സൂപ്പർ ഫാസ്റ്റ്	-	259	സർവ്വീസ്
6.	ഫാസ്റ്റ് പാസഞ്ചർ	-	837	സർവ്വീസ്
7.	ഓർഡിനറി	-	4008	സർവ്വീസ്
8.	സിറ്റി ഫാസ്റ്റ്	-	249	സർവ്വീസ്
9.	സിറ്റി	-	354	സർവ്വീസ്

(സി) 2014-15 സാമ്പത്തിക വർഷം 6,43,792 കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

(ഇ) 4008 ഓർഡിനറി സർവ്വീസുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ള സാഹചര്യത്തിൽ സിറ്റി ഫാസ്റ്റ് പോലുള്ള സർവ്വീസുകളിൽ കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്ര അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly